**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **14-02-2024 - ൽ മറുപടിയ്ക്ക്**

**കലാ നൈപുണ്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കലാകാരൻമാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം:-<br><br>കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ വിവിധ ക്ലാസ്സിക്കൽ, സമകാലീന കലകൾക്ക് പുറമെ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു. കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-2019 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം |

അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം വഴി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2.കേരള സംഗീത നാടക അക്കാദമി :-

കേരള സംഗീത നാടക അക്കാദമി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ദക്ഷിണേന്ത്യൻ സംഗീത ചക്രവർത്തി സ്വാതിതിരുനാൾ മഹാരാജാവിന്റെ സ്മരണാർത്ഥം ഇന്ത്യൻ സംഗീത കലയ്ക്ക് വേണ്ടി ജീവിതം സമർപ്പിച്ച മഹാപ്രതിഭകൾക്ക് കേരള സർക്കാർ സ്വാതി സംഗീത പുരസ്കാരം നൽകി വരുന്നു. നാടകാചാര്യനായിരുന്ന എസ്.എൽ. പുരം സദാനന്ദന്റെ സ്മരണാർത്ഥം നാടകരംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് എസ്.എൽ.പുരം സദാനന്ദൻ നാടകപുരസ്കാരം നൽകി വരുന്നു. വ്യത്യസ്തവും മൗലികവുമായ പ്രാദേശിക കലാരൂപങ്ങളെയും അക്കാദമിയുടെ പരിധിയിൽ വരുന്ന കലാരൂപങ്ങളെയും ഉൾക്കൊള്ളിച്ച് വർഷാന്ത്യ ഫെസ്റ്റിവൽ ഹോപ് (ഹാർമണി ഓഫ് പെർഫോർമൻസ് ഇക്കോസിസ്റ്റം) ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്. അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാമേഖലകളിൽ ദീർഘകാലം പ്രവർത്തിച്ച അതുല്യരായ കലാപ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജാ പുരസ്കാരങ്ങൾ നൽകി വരുന്നു. പ്രൊഫഷണൽ നാടകോത്സവത്തിന്റെ ഭാഗമായി 50 പ്രൊഫഷണൽ നാടക സമിതികൾക്ക് നാടകനിർമ്മാണത്തിനും അവതരണത്തിനുമായി 2 കോടി രൂപ ധനസഹായം നൽകി വരുന്നു.ലോകത്തിലെ കലാ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ മാറ്റങ്ങളിലേക്കും വളർച്ചയിലേക്കും കേരളത്തിലെ കലാകാരന്മാരെയും പ്രേക്ഷകരെയുമെത്തിക്കാൻ ഇറ്റ്ഫോക്ക് എന്ന പേരിൽ അന്താരാഷ്ട്രനാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്.ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന പ്രവാസി കലാകാരന്മാരെയും അമേച്വർ നാടകസമിതികളെയും സംയോജിപ്പിച്ച് പ്രവാസി നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം,

ഷഡ്കാലഗോവിന്ദമാരാർ സംഗീതോത്സവം, ഏകപാത്രനാടകോത്സവം ,കഥകളതിസാദരം കഥാപ്രസംഗ മഹോത്സവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

3. കേരള ലളിതകലാ അക്കാദമി :-

കലയിൽ പല പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും വികസിപ്പിക്കുന്നതിനും പരസ്പരം സംവദിക്കുന്നതിനും പ്ലസ് 2 തലം വരെയുള്ള കുട്ടികൾക്കായി Akademi Art Education initiative എന്നൊരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. കേരള ഫോക് ലോർ അക്കാദമി :-

ഗ്രാമീണതലങ്ങളിൽ പ്രവർത്തിക്കുന്ന ഫോക് ലോർ ക്ലബുകളുമായി ചേർന്ന് അക്കാദമി വിവിധ നാടൻകലാപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സാംസ്കാരിക തനിമയും സാംസ്കാരിക വൈവിധ്യവും പ്രോത്സഹിപ്പിക്കുന്നതിന് ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൊന്ന്യത്തങ്കം പരിപാടിയിൽ കളരി അഭ്യാസപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് മറ്റ് വിവിധകലാപരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ഓരോ ഗ്രാമത്തിലും ഗ്രാമസന്ധ്യ എന്ന പേരിൽ അക്കാദമി വിവിധ കലാകാരന്മാരെ ആദരിക്കുന്നതുൾപ്പെടെ കലാപരിപാടികൾ സംഘടിപ്പിച്ച് വരുന്നു. അന്യം നിന്നു പോകുന്ന നാടൻകലാരൂപങ്ങളുടെ അവതരണവും നാടൻകലാകാരസംഗമവും തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. വിവിധ സബ് സെന്ററുകൾ വഴി നാടൻ/ഗോത്രകലകളുടെ പരിശീലനം നൽകി വരുന്നു. അന്യം നിന്നു പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് നാടൻകല അഭ്യസിക്കുന്നതിന് 10 വയസ്സ് മുതൽ 17 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സ്റ്റൈപെന്റ് നൽകി വരുന്നു.

5. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി :-

മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി , ദഫ് മുട്ട്, അറബന മുട്ട്, വട്ടപ്പാട്ട് എന്നീ ഇനങ്ങളിൽ അക്കാഡമി വിവിധ കോഴ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

6. ഭാരത് ഭവൻ :-

സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമെന്ന നിലയിൽ ഇന്ത്യൻ ഗ്രാമീണകലകളെ

പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാവർഷവും കേരളത്തിലെ വിവിധ ജില്ലകളിൽ "ഇന്ത്യൻ ഗ്രാമോത്സവം" എന്ന പേരിൽ 10-ഓളം വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഗ്രാമീണകലകളുടെ അവതരണങ്ങൾ ഭാരത്ഭവൻ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹായത്തോടെ നിർവഹിച്ചു വരുന്നു. ഓണാഘോഷവേളയിൽ "ഇന്ത്യൻ വസന്തോത്സവം' എന്ന പേരിലും ഇതരസംസ്ഥാനങ്ങളുടെ കലാവിരുന്നുകൾ സംഘടിപ്പിക്കുന്നുണ്ട്. മണ്ണും കൃഷിയുമായി ബന്ധപ്പെട്ട കലകളെ പ്രോത്സാഹിപ്പിക്കുകയും, നാട്ടറിവും, കൃഷിയറിവും ചേർന്ന വാമൊഴി പാട്ടുകളുടെ ശേഖരണവും തിയേടം ഫാർമെ എന്ന പേരിൽ നടത്തി വരുന്നു. കലാവതരണം അപ്രാപ്യമായ കോവിഡ് പ്രതിസന്ധികാലത്ത് നാടോടി, അനുഷ്ഠാന, ഗോത്രകലകളും ജനകീയകലകളും അവതരിപ്പിക്കുന്ന കലാസമൂഹത്തിന്റെ ആവാസ കേന്ദ്രങ്ങളിലെത്തി കലാവിഷ്കാരങ്ങൾ ചിത്രീകരിക്കുകയും 3000- ത്തോളം കലാ പ്രതിഭകൾക്ക് പ്രതിഫലം നൽകുവാനും നവ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ച് ഒരു കോടിയോളം പ്രേക്ഷകരിലേയ്ക്ക് എത്തിക്കുക വഴി കോവിഡ് കാലത്ത് കലാകാരൻമാരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിധി വരെ കുറയ്ക്കാനും മഴമിഴി-മൾട്ടിമീഡിയ മെഗാസ്ട്രീമിങ്ങിലൂടെ സാധിച്ചു. കേരളത്തിന്റെ ഗോത്രോത്സവം മഴമിഴി എർത്ത് ലോർ എന്ന പേരിൽ അട്ടപ്പാടി, മറയൂർ, കാസർഗോഡ് , കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ സംഘടിപ്പിയ്ക്കുവാനും 1000 ഗോത്ര കലാ പ്രതിഭകൾക്ക് പാരിതോഷികം നൽകുവാനും, അതാത് കലകൾ വരുംതലമുറകളുടെ പഠനങ്ങൾക്കായി ചിത്രീകരിച്ചെടുക്കുവാനും ഇതിലൂടെ സാധിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗവാസനക്കും നൈപുണ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും മഴമിഴി കംപാഷൻ എന്ന പേരിൽ സംസ്ഥാനത്തുടനീളമുള്ള ഭിന്നശേഷി കുട്ടികളെ ജില്ലാടിസ്ഥാനത്തിൽ കുടുംബശ്രീ, ബഡ്സ് സ്കൂൾ എന്നിവിടങ്ങൾ മുഖാന്തിരം കണ്ടെത്തി ഭിന്നശേഷി സർഗ്ഗോത്സവം തിരുവനന്തപുരം (ദക്ഷിണ മേഖല), തൃശ്ശൂർ (മധ്യമേഖല) , കണ്ണൂർ(ധർമ്മടം) (ഉത്തരമേഖല) എന്നിവിടങ്ങളിൽ ഒരുക്കുവാനും സാധിച്ചിട്ടുണ്ട്.

7. വൈലോപ്പിള്ളി സംസ്കൃതി ഭവൻ :-

കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും വികസിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ കലാകാരന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച്

സൂക്ഷ്മപരിശോധന നടത്തി കലാവതരണത്തിന് അവസരം നൽകുന്നതോടൊപ്പം അർഹമായ പ്രതിഫലവും നൽകി വരുന്നു.അന്യംനിന്നു പോകുന്ന കലാരൂപമായ സീതകളിയെ സംരക്ഷിക്കുന്നതിന് കേരള-തെലുങ്കാന പൈതൃകോത്സവം ഉൾപ്പെടെ വിവിധ വേദികളിൽ കലാകാരന്മാർക്ക് അവസരം നൽകിയിട്ടുണ്ട്. ഇതോടൊപ്പം സീതകളിയിൽ പങ്കെടുത്ത പ്ലസ് ടൂ വരെയുള്ള കുട്ടികൾക്ക് 2500 രൂപ വീതം 12 പേർക്ക് 30000/- രൂപ സ്കോളർഷിപ്പ് തുകയും നൽകിയിട്ടുണ്ട്.

8.ഗുരുഗോപിനാഥ് നടനഗ്രാമം :-

ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ നൃത്ത - നൃത്യ - നാട്യ കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ശാസ്ത്രീയ - സർഗ്ഗാത്മക കലകളിൽ പരിശീലനം നൽകുന്ന പാർട്ട് ടൈം ക്ലാസ്സുകൾ ആഴ്ചയിൽ 6 ദിവസം സ്കൂൾ - കോളേജ് വിദ്യാഭ്യാസം കഴിഞ്ഞുള്ള സായാഹ്ന പാഠ്യേതര പരിപാടിയായി നടത്തുന്നു. കുട്ടികളുടെ സർഗ്ഗവാസന കണ്ടെത്താനും വിവിധ നൃത്ത ശൈലികളുടെ അടിസ്ഥാന പ്രമാണങ്ങൾ പരിചയപ്പെടുത്തി കലാഭിമുഖ്യം വളർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാലയങ്ങൾ വഴി നൃത്തപരിശീലനത്തിന് രജിസ്റ്റർ ചെയ്യാനും മികവ് പുലർത്തുന്നവർക്ക് പ്രാഥമിക സ്കോളർഷിപ്പും നടനഗ്രാമത്തിൽ തുടർ പഠനാവസരവും ഒരുക്കി പരിപോഷിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നുണ്ട്. 18 വയസ്സിന് മുകളിൽ പ്രായമുള്ള നർത്തകി - നർത്തകന്മാർ അവരുടെ രംഗാവിഷ്കാരത്തിനുള്ള പ്രഥമവേദി ഒരുക്കി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് സർക്കാർ മേൽനോട്ടത്തിലുള്ള പരിപാടികളിലെത്താനും വേദി പങ്കിടാനുമുള്ള അവസരം പ്രദാനം ചെയ്യുന്നുണ്ട്. കേരളനടനം നൃത്തശൈലിയുടെ പ്രചാരണത്തോടൊപ്പം ഈ ശൈലി വിശേഷത്തിന്റെ രസ - ഭാവ - ലയ സവിശേഷതകൾ ആഴത്തിൽ അവലോകനം ചെയ്യാൻ ഗവേഷണ പഠനങ്ങളെ പ്രോത്സാഹിപ്പിക്കാനായി ഗുരുഗോപിനാഥ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അരങ്ങുകളിലെത്തുന്ന നൃത്തകലാകാരന്മാർക്ക് രംഗവേദിയൊരുക്കാൻ നടനഗ്രാമത്തിലെ ചിലമ്പൊലി നൃത്തമണ്ഡപത്തിൽ അവസരം നൽകുന്നതോടൊപ്പം നൃത്തസംഘം രൂപീകരിച്ച് കേരളത്തിലെ ജില്ലകളിലെല്ലാം

സാംസ്കാരികോത്സവത്തിന്റെ ഭാഗമായി മാറാനുള്ള സജ്ജീകരണമൊരുക്കുന്നതിന് പൊലി എന്ന പ്രതിമാസ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. രംഗാവതരണ ശിക്ഷണ ശില്പശാല , കേരളനടനം സർട്ടിഫിക്കറ്റ് കോഴ്സ് , സംവാദ സദസ്സ് എന്നിവ വഴി കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

9. വാസ്തുവിദ്യാ ഗുരുകുലം:-

കേരളത്തിന്റെ തനത് പാരമ്പര്യ കലയായ ചുമർചിത്രകല പരിപോഷിപ്പിക്കുന്നതിനായി വകുപ്പിന് കീഴിൽ സ്ഥാപനം പ്രവർത്തിച്ച് വരുന്നു. ഈ കലയിൽ താല്പര്യമുള്ളവർക്കായി വിവിധ കാലദൈർഘ്യമുള്ള കോഴ്സുകൾ നടത്തി വരുന്നു. കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, പുരാതന കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ചുവർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും, ഗുരുകുലം ഏറ്റെടുത്ത് നടത്തി വരുന്നു. കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-2019 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം വഴി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പ്രാചീന കലാ രൂപങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പ് വരുത്തുവാനും ഉള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഫോക് ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി, മാപ്പിള പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യം നിന്നു പോകുന്ന വിവിധ

| | | | |
|---|---|---|---|
| | | | കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത വർദ്ധിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നു. |
| (ബി) | കലാനൈപുണ്യം വികസിപ്പിക്കുന്നതിന് ആർട്ട് ഹബ്ബുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ എന്തൊക്കെ ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആരംഭിച്ചുവെന്നും വിശദമാക്കാമോ; | (ബി) | കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-2019 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം വഴി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പ്രാചീന കലാ രൂപങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പ് വരുത്തുവാനും ഉള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഫോക് ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി, മാപ്പിള പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യം നിന്നു പോകുന്ന വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത വർദ്ധിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നു.കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ശാക്തീകരണത്തിനും സ്വയം പര്യാപ്തതയ്ക്കും ഉപജീവന സുസ്ഥിരതയ്ക്കുമായി എല്ലാ കരകൗശല ഗ്രാമങ്ങളിലുമായി കലാകാരന്മാരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക, അതാത് ഗ്രാമങ്ങളിൽ ഉൽപാദന സൗകര്യങ്ങളോടു കൂടിയ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇത്തരം കേന്ദ്രങ്ങളിലൂടെ അസംസ്കൃത വസ്തുക്കൾ, ഉല്പാദനസാമഗ്രികൾ തുടങ്ങിയവ കലാകാരന്മാർക്ക് ലഭ്യമാക്കി ഉൽപാദനവും വിപണനവും ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിരിക്കുന്നത്. മൺമറഞ്ഞുപോയ നിരവധി ഗ്രാമീണകലാരൂപങ്ങളുടെ ഉറവിടം കണ്ടെത്തി പ്രസ്തുത കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള സജീവവും സമഗ്രവുമായ പ്രവർത്തനമാണ് പദ്ധതി വഴി നടപ്പിലാക്കുന്നത്.<br><br>നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ഉൾപ്പെടുത്തുവാൻ പ്രാഥമിക സർവ്വേ ആരംഭിച്ചതും നടപടികൾ പൂർത്തിയായിട്ടുള്ളതുമായ പൈതൃക ഗ്രാമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ പ്രധാന വീഥികളും പൊതു ഇടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുന്നതിന് കർമ്മപദ്ധതി രൂപീകരിക്കാമോ; | (സി) | **സംസ്ഥാനത്തെ പ്രധാന വീഥികളും പൊതു ഇടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുവാൻ വകുപ്പ് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുസ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി യാണ് നാട്ടരങ്ങ് സ്ഥാപിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവത്ക്കരണത്തിനായി ചുമർ ചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചിത സ്ഥല സൗകര്യം വേണമെന്ന് സൂചിപ്പിച്ചിട്ടില്ല. പകരം ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്ഥലങ്ങളോ ആണ് പരിഗണിക്കുന്നത്. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ യുടെ ഭാഗമായ സ്ഥലത്തും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് അത്താണിക്കൽ ജംഗ്ഷനിലും തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലും നാട്ടരങ്ങുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരുകയും മറ്റു ജില്ലകളിൽ** |

| | | | |
|---|---|---|---|
| | | | സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലിഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ വിവിധ ക്ലാസ്സിക്കൽ, സമകാലീന കലകൾക്ക് പുറമെ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഈ പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ, വായനശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് ഹാളുകൾ മുതലായ പൊതു സ്ഥാപനങ്ങളാണ് കലാപരിശീലന കേന്ദ്രങ്ങളായി സജ്ജമാക്കിയിട്ടുള്ളത്. |
| (ഡി) | ഓരോ പ്രദേശത്തെ കലാരൂപങ്ങൾക്ക് അനുസൃതമായി കലാസ്നേഹികൾക്ക് ഒത്തുചേരുന്നതിനും കലാരൂപങ്ങളിൽ പരിശീലനം നേടുന്നതിനും ആസ്വാദനത്തിനും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | സംസ്ഥാനത്തെ പ്രധാന വീഥികളും പൊതു ഇടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുവാൻ വകുപ്പ് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുസ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി യാണ് നാട്ടരങ്ങ് സ്ഥാപിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവത്ക്കരണത്തിനായി ചുമർ ചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും |

പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചിത സ്ഥല സൗകര്യം വേണമെന്ന് സൂചിപ്പിച്ചിട്ടില്ല. പകരം ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്ഥലങ്ങളോ ആണ് പരിഗണിക്കുന്നത്. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ യുടെ ഭാഗമായ സ്ഥലത്തും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് അത്താണിക്കൽ ജംഗ്ഷനിലും തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലും നാട്ടരങ്ങുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരുകയും മറ്റ് ജില്ലകളിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലിഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ വിവിധ ക്ലാസ്സിക്കൽ, സമകാലീന കലകൾക്ക് പുറമെ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45ഓളം

| | | | |
|---|---|---|---|
| | | | **കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഈ പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ, വായനശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് ഹാളുകൾ മുതലായ പൊതു സ്ഥാപനങ്ങളാണ് കലാപരിശീലന കേന്ദ്രങ്ങളായി സജ്ജമാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

നിലവിൽ കലാകാരൻമാരുടെ ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ഉൾപ്പെടുത്തുവാൻ പ്രാഥമിക സർവ്വേ ആരംഭിച്ചതും നടപടികൾ പൂർത്തിയായിട്ടുള്ളതുമായ പൈതൃക ഗ്രാമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നം | ജില്ല | പൈതൃക ഗ്രാമം/ കേന്ദ്രം | കരകൗശലയിനം |
|---|---|---|---|
| 1 | തിരുവനന്തപുരം | പേട്ട | കഥകളി ശില്പം |
| 2 | തിരുവനന്തപുരം | ചാക്ക | നെട്ടൂർപെട്ടി |
| 3 | തിരുവനന്തപുരം | കരമന | ഓണവില്ല് |
| 4 | കൊല്ലം | തൃക്കടവൂർ | വൈക്കോൽ ചിത്രങ്ങൾ |
| 5 | കൊല്ലം | തഴവ | കൈതോലയുല്പന്നങ്ങൾ |
| 6 | പത്തനംതിട്ട | ആറന്മുള | ലോഹ കണ്ണാടി |
| 7 | പത്തനംതിട്ട | ആറന്മുള | പള്ളിയോടങ്ങൾ |
| 8 | പത്തനംതിട്ട | ആറന്മുള | ഫാബ്രിക് പെയിന്റിംഗ് |
| 9 | പത്തനംതിട്ട | തോട്ടപ്പുഴ | മുളയുല്പന്നങ്ങൾ |
| 10 | ആലപ്പുഴ | മാന്നാർ | വെങ്കല ശില്പങ്ങൾ |
| 11 | ആലപ്പുഴ | ചെങ്ങന്നൂർ | ശിലാശില്പങ്ങൾ |
| 12 | ആലപ്പുഴ | കല്ലിശ്ശേരി | കളിമൺ ഉല്പന്നങ്ങൾ |
| 13 | ആലപ്പുഴ | മംഗലം, ഇടനാട് | കതിർക്കുല |
| 14 | ആലപ്പുഴ | പുലിയൂർ | ചിരട്ടയുല്പന്നങ്ങൾ |
| 15 | ആലപ്പുഴ | പടനിലം | നന്ദികേശ ശില്പങ്ങൾ |
| 16 | കോട്ടയം | വടയാർ | കളിമൺ ഉല്പന്നങ്ങൾ |
| 17 | ഇടുക്കി | ഉപ്പുതറ | ചിരട്ടയുല്പന്നങ്ങൾ |
| 18 | ഇടുക്കി | ചിന്നാർകുടി | മുളയുല്പന്നങ്ങൾ |
| 19 | ഇടുക്കി | വെണ്മണിമേട് | കണ്ണാടിപ്പായ |
| 20 | തൃശ്ശൂർ | ചേർപ്പ് | ദാരുശില്പങ്ങൾ |
| 21 | തൃശ്ശൂർ | കുത്താംപള്ളി | കൈത്തറി |
| 22 | തൃശ്ശൂർ | ഇളവള്ളി | പൂരം ക്രാഫ്റ്റ്സ് |
| 23 | തൃശ്ശൂർ | ഗുരുവായൂർ | ചുമർ ചിത്രങ്ങൾ/ഫാബ്രിക് പെയിന്റിംഗ് |
| 24 | തൃശ്ശൂർ | കിള്ളിമംഗലം | പുൽപ്പായ |
| 25 | പാലക്കാട് | പെരുവെമ്പ് | കൈത്തറി |
| 26 | പാലക്കാട് | പെരുവെമ്പ് | വാദ്യോപകരണങ്ങൾ |
| 27 | പാലക്കാട് | വെള്ളിനേഴി | കഥകളി കോപ്പുകൾ |

| | | | |
|---|---|---|---|
| 28 | പാലക്കാട് | അകത്തേതറ | ചിരട്ടയുല്പന്നങ്ങൾ |
| 29 | പാലക്കാട് | കോങ്ങാട് | മുളയുല്പന്നങ്ങൾ |
| 30 | പാലക്കാട് | ഷൊർണ്ണൂർ | തോൽപ്പാവ |
| 31 | മലപ്പുറം | അരുവാക്കോട് | കളിമൺ ശില്പങ്ങൾ |
| 32 | കോഴിക്കോട് | ബേപ്പൂർ | ഉരുചെറു മാതൃകകൾ |
| 33 | കോഴിക്കോട് | പയ്യോളി | കൈതോലയുല്പന്നങ്ങൾ |
| 34 | വയനാട് | തൃക്കൈപ്പറ്റ് | മുളയുല്പന്നങ്ങൾ |
| 35 | കണ്ണൂർ | കുഞ്ഞിമംഗലം | വെങ്കല ശില്പങ്ങൾ |
| 36 | കണ്ണൂർ | പയ്യന്നൂർ | കിടാരൻ ഛായങ്ങൾ |
| 37 | കണ്ണൂർ | പയ്യന്നൂർ | തെയ്യം ശില്പങ്ങൾ |
| 38 | കണ്ണൂർ | കരിവെള്ളൂർ | ചൂതപ്പല്ല് ഉല്പന്നങ്ങൾ |
| 39 | കാസർഗോഡ് | തളങ്കര | തളങ്കര തൊപ്പി |
| 40 | കാസർഗോഡ് | കാസർഗോഡ് നഗരസഭ | കൊടിക്കൂറ |